# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 320 04-02-2013-ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹനങ്ങളിലെ ഗ്ലാസ്സുകളിലെ സുതാര്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. എം. ഉമ്മർ :<br>ശ്രീ. കെ.എം. ഷാജി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മോട്ടോർ വാഹനങ്ങളിൽ നാലു വശത്തും ഘടിപ്പിച്ചിട്ടുള്ള ഗ്ലാസ്സുകൾ സുതാര്യമായിരിക്കണമെന്ന നിയമ വ്യവസ്ഥ കർശനമായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിഷ്കർഷിക്കാനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) പരിശോധിച്ചിട്ടുണ്ട്. വാഹനങ്ങളിൽ ആളുകളെ തട്ടിക്കൊണ്ട് പോകൽ, സ്ത്രീകൾക്കെതിരെ വാഹനങ്ങളിലുള്ള ലൈംഗിക അതിക്രമങ്ങൾ തുടങ്ങി വാഹനങ്ങളുടെ ഉള്ളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്നതിന് കറുത്ത ഫിലിം ഒട്ടിച്ച് കാഴ്ച മറയ്ക്കുന്നത് ഒഴിവാക്കുന്നതിനായി അവയുടെ ഉപയോഗം നിരോധിക്കണമെന്നും മറ്റും കാട്ടി അവിഷേക് ഗോയങ്ക എന്നയാൾ ബഹു. സുപ്രീം കോടതിയിൽ റിട്ട് പെറ്റീഷൻ (സിവിൽ) നം.265/2011 സമർപ്പിച്ചതിൽ 27.4.2012-ാം തീയതി ബഹു. സുപ്രീം കോടതി വാഹനങ്ങളുടെ ഗ്ലാസുകളിൽ സൺഫിലിം ഒട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് വാഹനങ്ങളുടെ ഗ്ലാസുകൾ സുതാര്യമായിരിക്കണമെന്നുമുള്ള നിയമ വ്യവസ്ഥകൾ |

നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| (ബി) | കർശന നിയമ വ്യവസ്ഥയും, സുപ്രീംകോടതി ഉത്തരവും ഉണ്ടായിട്ടും നിയമ ലംഘനം അതേപടി തുടരുന്നതിനു കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും, ചില ഒറ്റപ്പെട്ട നിയമ ലംഘനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും, അത്തരം നിയമ ലംഘകർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | സർക്കാർ വാഹനങ്ങൾ നിയമ ലംഘനം നടത്തിയിട്ടും അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനുള്ള കാരണങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ വാഹനങ്ങൾ നിയമ വ്യവസ്ഥ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വ്യക്തമായ കാഴ്ച മറയുന്നതു മുഖേനയുള്ള റോഡ് അപകടങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാപരമായ കാരണങ്ങൾ, കുറ്റകൃത്യങ്ങൾ മറയ്ക്കാനുള്ള സൗകര്യം ഇതൊക്കെ കണക്കിലെടുത്ത് നിയമം കർശനമായി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) | സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന നിയമം അനുസരിച്ച് വാഹനങ്ങളിലെ ഗ്ലാസുകൾ സുതാര്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതും ഇവ കർശനമായി നടപ്പിലാക്കി വരികയുമാണ്. നിയമ ലംഘകർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ